**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6108** **09.07.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ: | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സയ്ക്കായി സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ഗുരുതരമായ പല രോഗങ്ങൾക്കും ഏറ്റവും കുറഞ്ഞ തുകയാണ് പലപ്പോഴും അനുവദിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പോരായ്മകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) 1. ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.<br>2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br>3. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു.<br>4. ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.<br>5. അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.<br>ക്യാൻസർ, ഹൃദയസംബന്ധമായ രോഗം, കിഡ്നി, ന്യൂറോ സംബന്ധമായ രോഗം, എയിഡ്സ് ഹീമോഫീലിയ എന്നീ ഗുരുതര രോഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നൽകുന്ന ധനസഹായം 10000/- രൂപയാക്കി |

വർദ്ധിപ്പിച്ചിട്ടുണ്ട്. അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ ദൗർലഭ്യവും കാരണം തുക ഇനിയും വർദ്ധിപ്പിച്ചു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സെക്രട്ടേറിയറ്റിൽ ഉത്തരവുകൾ ഇറക്കുമ്പോഴും, അപേക്ഷയിലെ അവ്യക്തതകൾ മൂലവും ചികിത്സാസഹായം അനുവദിച്ച ഉത്തരവുകൾ ഉണ്ടാകുമ്പോൾ തെറ്റുകളും പിശകുകളും സംഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തെറ്റുകൾ തിരുത്തി അർഹരായവർക്ക് തുക വിതരണം ചെയ്യാൻ തഹസിൽദാരുടെ ചുമതലയിൽ ഒരു സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി) ഉണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ഇത്തരം തെറ്റുകൾ തിരുത്തി അർഹരായവർക്ക് തുക അനുവദിക്കാൻ വേണ്ട നിർദ്ദേശം സർക്കാർ തലത്തിൽ പുറപ്പെടുവിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.